സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: എം അഞ്ജന ഐ.എ.എസ് )

ഉത്തരവ് നം. എസ്ജെഡി/3947/2021–സി1

തിരുവനന്തപുരം,
തീയതി. 07/10/2021

വിഷയം: സാമൂഹ്യനീതി വകുപ്പ് – പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവ്വീസസ് – നേർവഴി പദ്ധതി 2021–22 – താലൂക്ക് തലത്തിൽ അവബോധ രൂപീകരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : സ.ഉ.(സാധാ)നം. 541/2021/സാ.നീ.വ. തീയതി. 05/08/2021

സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ സേവനങ്ങളുടെ ഭാഗമായി രൂപീകരിച്ച "നേർവഴി പദ്ധതി" 2021–22 സാമ്പത്തിക വർഷവും തുടരുന്നതിന് പരാമർശ പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ കംപോണന്റ് 7–ൽ ഉൾപ്പെടുത്തി ഒരോ ജില്ലയിലും അഡ്വക്കേറ്റ്സ്, പാരാലീഗൽവോളന്റിയേഴ്സ്, ജനപ്രതിനിധികൾ, പോലീസ് ഓഫീസേഴ്സ്, സോഷ്യൽ വർക്കേഴ്സ്, വിദ്യാർഥികൾ തുടങ്ങിയവരെ പങ്കെടുപ്പിച്ചു താലൂക്ക് തലത്തിൽ 4 അവബോധ രൂപീകരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഒരു ജില്ലയ്ക്ക് 40,000/– രൂപാ ക്രമത്തിൽ 14 ജില്ലകൾക്കായി 5,60,000/– രൂപാ ഫണ്ട് അനുവദിച്ചിട്ടുണ്ട്. നവംബർ 14 മുതൽ ഡിസംബർ 4 വരെ ആചരിച്ചു വരുന്ന പ്രൊബേഷൻ വാരാചരണത്തോടനുബന്ധിച്ചു ടി പരിപാടി സംഘടിപ്പിക്കാവുന്നതാണ്. ഓഫീസുകളും കോളേജുകളും മറ്റു സംവിധാനങ്ങളും സാധാരണ നിലയിൽ പ്രവർത്തിച്ചു തുടങ്ങിയ സാഹചര്യത്തിൽ പ്രസ്തുത .അവബോധപരിപാടികൾ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുനടത്തേണ്ടതായിട്ടുണ്ട്

ഈ സാഹചര്യത്തിൽ ചുവടെ പരാമർശിച്ചിരിക്കുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് ജില്ലയിലെ വിവിധ താലൂക്കുകളിലുള്ള സ്റ്റേക്ക് ഹോൾഡേഴ്സ് , പാരാ ലീഗൽ വോളന്റിയേഴ്സ്, അഡ്വക്കേറ്റ്സ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, ശിശു വികസന പദ്ധതി ഓഫീസർമാർ, ആശാ വർക്കർമാർ, പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർ, കോളേജ് വിദ്യാർത്ഥികൾ, സാമൂഹ്യപ്രവർത്തകർ തുടങ്ങിയവരെ പങ്കെടുപ്പിച്ചു ഒരു പരിപാടി സംഘടിപ്പിക്കുന്നതിന് 10,000/– രൂപാ നിരക്കിൽ നാല് താലൂക്ക് തല ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന്

ഒരു ജില്ലയ്ക്ക് 40,000/- രൂപാ ക്രമത്തിൽ 14 ജില്ലകൾക്കായി **5,60,000/- രൂപ (അഞ്ച് ലക്ഷത്തി അറുപതിനായിരം രൂപാ മാത്രം)** ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസർമാരുടെ പേരിൽ അനുവദിച്ച് ഉത്തരവാകുന്നു. ടി തുക ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അതാത് ജില്ലാ പ്രൊബേഷൻ ഓഫീസർമാർക്ക് കൈമാറേണ്ടതാണ്.

1. ജയിലിൽ പ്രത്യേക പരിപാടി സംഘടിപ്പിക്കുന്നതിനു മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ള സാഹചര്യത്തിൽ ടി ബോധവൽക്കരണ പരിപാടി ജയിലിൽ നടത്തേണ്ടതില്ല.
2. വ്യക്തി പരിവർത്തന സിദ്ധാന്തങ്ങൾ, അന്തർദേശീയ ഉടമ്പടികൾ, പ്രൊബേഷൻ സംവിധാനത്തിന്റെ പ്രാധാന്യം , പ്രൊബേഷൻ സംബന്ധിച്ച വിവിധ കോടതി വിധിന്യായങ്ങൾ, ജുഡീഷ്യൽ-എക്സിക്യൂട്ടിവ് പ്രൊബേഷൻ, ധനസഹായ പദ്ധതികൾ, പ്രൊബേഷൻ പോളിസി, പ്രൊബേഷൻ പ്രോട്ടോക്കോൾ എന്നിവ ചർച്ച ചെയ്യണം . (ഇതിനായിപ്രഭാഷണം, സിനിമ/ഡോകുമെന്ററി പ്രദർശനം, പാനൽ ചർച്ച, സംവാദം, വിവിധ മത്സരങ്ങൾ തുടങ്ങിയ രീതികളിൽ ഏതും പ്രാവർത്തികമാക്കാം. ഒന്നിൽ കൂടുതൽ രീതികളുമാവാം )
3. നേരത്തെ നടത്തിയ അതേ സ്ഥാപനത്തിൽ അതേ വിദ്യാർഥികൾക്ക് വീണ്ടും അവബോധ രൂപീകരണ പരിപാടികൾ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.
4. ജില്ലയിലെ Covid സാഹചര്യം കണക്കിലെടുത്ത് നേരിട്ട് നടത്താൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ ഓൺലൈൻ ആയും പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ് .
5. സംഘടിപ്പിച്ച പരിപാടികളുടെ റിപ്പോർട്ട് , യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ് .

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-106-93 (പ്ലാൻ) എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

**M. ANJANA IAS**

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ പ്രൊബേഷൻ ഓഫീസർമാർക്കും

പകർപ്പ് :

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. സൂപ്രണ്ട്, എ/പ്ലാനിംഗ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്